പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2662

27/01/2014-ൽ
മറുപടിയ്ക്കു്

**ദേവസ്വം വക ഭൂമിയിലെ കൈയ്യേറ്റങ്ങൾ**

ചോദ്യം

ഉത്തരം

ശ്രീ. ബാബു എം. പാലിശ്ശേരി.

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| | |
|---|---|
| എ) ദേവസ്വം ബോർഡുകൾ വക ഭൂമികളിൽ കയ്യേറ്റങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| ബി) ഏതെല്ലാം ദേവസ്വം ബോർഡുകളുടെ എത്ര ഏക്കർ ഭൂമി വീതം ഇതിനകം കയ്യേറ്റം ചെയ്യിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ; | (ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 494 ഏക്കർ, കൊച്ചിൻ ദേവസ്വം വക 8.5412 ഹെക്ടർ, മലബാർ ദേവസ്വം ബോർഡ് വക 24693.24 ഏക്കർ, കൂടൽമാണിക്യം ദേവസ്വത്തിൻെറ 36½ സെൻറ് ഭൂമി വീതം കയ്യേറ്റം ചെയ്യപ്പെട്ടിട്ടുള്ളതായി അതാത് ദേവസ്വങ്ങൾ അറിയിച്ചിട്ടുണ്ട്. |
| സി) കയ്യേറ്റ ഭൂമി തിരിച്ച് പിടിക്കുന്നതിന് മുൻ സർക്കാരിൻെറ കാലത്ത് സ്വീകരിച്ചുപോന്ന നടപടികൾ തുടരുന്നുണ്ടോ; എങ്കിൽ കയ്യേറ്റങ്ങൾ ആവർത്തിക്കുന്നത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) കയ്യേറ്റങ്ങൾ തിരിച്ചുപിടിക്കുന്നതിന് നിയമാനുസൃതമായ തുടർ നടപടികളാണ് സ്വീകരിച്ചുവരുന്നത്. |
| (ഡി) ദേവസ്വം ഭൂമി കയ്യേറ്റം ചെയ്യുന്നില്ലെന്നുറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ? | ഡി) ദേവസ്വം ഭൂമികളിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡിൻെറ കീഴിൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും മറ്റുമായി സ്പെഷ്യൽ ഓഫീസർമാരെയും സ്പെഷ്യൽ തഹസീൽദാരുടെ ലാൻറ് കൺസർവൻസി യൂണിറ്റും ഉൾപ്പെടെയുള്ള സ്പെഷ്യൽ ടീമുകളെ നിയമിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. തിരിച്ചുപിടിക്കുന്ന ഭൂമികൾ കമ്പിവേലി കെട്ടി സംരക്ഷിക്കുന്നതിുള്ള നടപടികളും എടുത്തുവരുന്നു. മലബാർ ദേവസ്വം |

ബോർഡിന് കീഴിലെ ക്ഷേത്രങ്ങൾ ഓരോന്നും സ്വയംഭരണ യൂണിറ്റുകളായാണ് നിലനിൽക്കുന്നത്. ഭൂമി സംരക്ഷണം സംബന്ധിച്ച കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതിന് ക്ഷേത്രഭരണാധികാരി കൾക്ക് നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ദേവസ്വം ഭൂമിയിലുണ്ടാകുന്ന കയ്യേറ്റങ്ങളും മറ്റും ഒഴിപ്പിച്ചെടു ക്കുന്നതിനായി അതാത് ക്ഷേത്ര ഭരണാധികാരികൾ നിലവിൽ കോടതി വ്യവഹാരങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ മലബാർ ദേവസ്വം ബോർഡിനുവേണ്ടി ഒരു റവന്യൂ യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ